Published on 19-05-17

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 38

# 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 38

# 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ

699/2017.

# 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ

1970-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1970-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ആക്റ്റ് താഴെ പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത്, ഗസറ്റ് വിജ്ഞാപനംവഴി, സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—1970-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ആക്റ്റിന്റെ (1970-ലെ 19) 2-ാം വകുപ്പിന്റെ (എ) ഖണ്ഡത്തിൽ "1987-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ആക്റ്റ് (1987-ലെ 34) 6-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്" എന്ന വാക്കുകളും അക്കങ്ങളും ബ്രാക്കറ്റുകളും ഒടുവിൽ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാരുടെ വരുംകാല നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശപ്രകാരം മാത്രം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചു. ബോർഡിലെ ജീവനക്കാരുടെ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് 1970-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ആക്റ്റ് ഭേദഗതി ചെയ്ത് പ്രസ്തുത ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നൽകേണ്ടത് ആവശ്യമാണ്.

മേൽപ്പറഞ്ഞ ലക്ഷ്യം നേടുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 1-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റ് പ്രാബല്യത്തിൽ വരേണ്ട തീയതി തീരുമാനിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ, ചട്ടങ്ങൾ ഉണ്ടാക്കിയശേഷം അവ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. ടി. എം. തോമസ് ഐസക്.

(ശരിത്തർജ്ജമ)

# 1970-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1970-ലെ 19)

** ** ** **

2. നിർവ്വചനങ്ങൾ:—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "കോർപ്പറേഷൻ" എന്നാൽ 1951-ലെ സ്റ്റേറ്റ് ഫൈനാൻഷ്യൽ കോർപ്പറേഷൻ ആക്റ്റ് (1951-ലെ 63-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച കേരള സംസ്ഥാന ഫൈനാൻഷ്യൽ കോർപ്പറേഷൻ എന്നോ 1962-ലെ വെയർ ഹൗസിംഗ് കോർപ്പറേഷൻ ആക്റ്റ് (1962-ലെ 58-ാം കേന്ദ്ര ആക്റ്റ്) 18-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച് കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ എന്നോ 1957-ലെ കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് ആക്റ്റ് (1957-ലെ 9) 4-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് എന്നോ 1986-ലെ കേരള ജലവിതരണവും അഴുക്കുചാലും ആക്റ്റ് (1986-ലെ 14) 3-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച കേരള വാട്ടർ അതോറിറ്റി അല്ലെങ്കിൽ 1969-ലെ ചെത്തുതൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1969-ലെ 22) 6-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡ് അല്ലെങ്കിൽ 1978-ലെ ചുമട്ടുതൊഴിലാളി ആക്റ്റിലെ (1980-ലെ 20) 14-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് അല്ലെങ്കിൽ 1985-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1985-ലെ 21) 6-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് അല്ലെങ്കിൽ 1975-ലെ കേരള തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1977-ലെ 11) 4-ാം വകുപ്പ് പ്രകാരം സ്ഥാപിച്ചിട്ടുള്ള കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നോ അർത്ഥമാകുന്നു.

(ബി) 'ഗവൺമെന്റ് കമ്പനി' എന്നാൽ.—

(i) 1956-ലെ കമ്പനി ആക്റ്റ് (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ളതും കേരള ഗവൺമെന്റിന് അൻപത്തൊന്ന് ശതമാനത്തിൽ കുറയാത്ത അടച്ചുതീർത്ത ഓഹരി മൂലധനമുള്ളതുമായ ഒരു കമ്പനി എന്നോ; അല്ലെങ്കിൽ

(ii) അപ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുള്ളതും അൻപത്തൊന്ന് ശതമാനത്തിൽ കുറയാത്ത അടച്ചുതീർത്ത ഓഹരി മൂലധനം ഭാഗികമായി കേരള ഗവൺമെന്റിനും ഭാഗികമായി (i)-ാം ഉപഖണ്ഡത്തിൽ പറഞ്ഞിരിക്കുന്ന ഒരു കമ്പനിക്കും ഉള്ളതുമായ കമ്പനിയെന്നോ; അല്ലെങ്കിൽ

(iii) പ്രസ്തുത ആക്റ്റിന്റെ 4-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന (i)-ാം ഉപഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ഒരു കമ്പനിയുടെ സബ്സിഡിയറി കമ്പനിയെന്നോ; അർത്ഥമാകുന്നു.

(സി) "പബ്ലിക് സർവ്വീസ് കമ്മീഷൻ" എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നർത്ഥമാകുന്നു.

** ** ** **